**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 39** **17-09-2025 - ൽ മറുപടിയ്ക്ക്**

**കേരള ബാങ്കിന്റെ പ്രവർത്തനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ ,<br>ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ,<br>ശ്രീമതി കാനത്തിൽ ജമീല** | | **ശ്രീ. വി.എൻ വാസവൻ<br>(തുറമുഖ - സഹകരണ - ദേവസ്വം വകുപ്പ് മന്ത്രി)** | |
| (എ) | രാജ്യത്തെ മികച്ച ബാങ്കിംഗ് സ്ഥാപനങ്ങളോട് കിടപിടിക്കുന്ന തരത്തിൽ കേരള ബാങ്കിന്റെ പ്രവർത്തനങ്ങളെ വിപുലീകരിക്കുന്നതിനും ശക്തിപ്പെടുത്തുന്നതിനും സർക്കാരിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (എ) | 1,22,489 കോടി രൂപയുടെ ബിസിനസ്സുമായി കേരള ബാങ്ക് ഇന്ത്യയിലെ സംസ്ഥാന സഹകരണ ബാങ്കുകളിൽ ഒന്നാമതായി മുന്നേറുകയാണ്. രാജ്യത്തെ സംസ്ഥാന സഹകരണ ബാങ്കുകളുടെ ആകെ ബിസിനസ്സിന്റെ 23 ശതമാനം കേരള ബാങ്കിന്റേതാണ്. സംസ്ഥാനത്തെ ആകെ ബാങ്കിംഗ് ബിസിനസ്സിന്റെ 8.50 ശതമാനം കേരള ബാങ്ക് കൈകാര്യം ചെയ്യുന്നു.<br><br>കേരള ബാങ്ക് രൂപീകരണത്തെ തുടർന്ന് മൂലധന പര്യാപ്തത വർദ്ധിപ്പിക്കുന്നതിന് സർക്കാർ 400 കോടി രൂപയുടെ ഓഹരി മൂലധനം അനുവദിക്കുകയുണ്ടായി.<br><br>രാജ്യത്ത് ലഭ്യമായ ഏറ്റവും മികച്ച കോർ ബാങ്കിംഗ് സംവിധാനം ബാങ്കിൽ ഇതിനകം നിലവിൽ വന്നു കഴിഞ്ഞു. കൂടാതെ മൊബൈൽ ബാങ്കിംഗ് ആപ്ലിക്കേഷൻ ഉൾപ്പെടെയുള്ള വിവിധ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ നിലവിൽ കേരള ബാങ്കിൽ ലഭ്യമാണ്.<br><br>ഭക്ഷ്യ സംസ്കരണ സൂക്ഷ്മ വ്യവസായ സംരഭങ്ങൾക്കുള്ള പ്രധാനമന്ത്രി ഫോർമലൈസേഷൻ ഓഫ് മൈക്രോ ഫുഡ് പ്രോസസിംഗ് എന്റർപ്രൈസസ് പദ്ധതി (PMFME) പദ്ധതി പ്രകാരം മികച്ച പ്രവർത്തനം കാഴ്ചവച്ചതിനുള്ള പുരസ്കാരം കേന്ദ്ര ഭക്ഷ്യ സംസ്കരണ വ്യവസായ മന്ത്രാലയവും സംസ്ഥാന വ്യവസായ വകുപ്പും സംയുക്തമായി സംഘടിപ്പിച്ച ചടങ്ങിൽ വച്ച് കേരള ബാങ്കിന് ലഭിച്ചു. 2024-25 സാമ്പത്തിക വർഷത്തിൽ PMFME സ്കീമിൽ കേരളത്തിൽ 3000 MSME (Micro, Small and Medium enterprises) |

| | | | |
|---|---|---|---|
| | | | വായ്പകൾ അനുവദിച്ചതിൽ 292 വായ്പകളിലായി 10 കോടി രൂപ കേരള ബാങ്ക് വിതരണം ചെയ്തു. മികച്ച പ്രവർത്തനത്തിനുള്ള NAFSCOB അവാർഡ് തുടർച്ചയായി 3 വർഷം കേരള ബാങ്കിന് ലഭിച്ചു.<br><br>കേരള ബാങ്കിലെ ആകെ വായ്പയുടെ 25 ശതമാനം നിലവിൽ കാർഷിക വായ്പയാണ്. “100 Golden Days” സ്വർണ്ണപ്പണയ ക്യാമ്പയിന്റെ ഭാഗമായി 48 ദിവസത്തിനുള്ളിൽ 1000 കോടി രൂപ സ്വർണ്ണപ്പണയ വായ്പാ ബാക്കിനിൽപ്പിൽ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. അങ്ങനെ സ്വർണ്ണപ്പണയ വായ്പയുടെ ആളോഹരി ബ്രാഞ്ച് വിഹിതം 10 കോടി രൂപയായി നിലനിർത്താൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. |
| (ബി) | രാജ്യത്തെ പ്രമുഖ വാണിജ്യ ബാങ്കുകളോട് മത്സരിച്ച് വായ്പാ വിതരണത്തിൽ സഹകരണ ബാങ്കുകളിൽ ഒന്നാം സ്ഥാനമെന്ന അപൂർവ്വ നേട്ടം കൈവരിക്കാൻ കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ; | (ബി) | വായ്പാ ബാക്കി നിൽപ്പ് 50,000 കോടി പിന്നിടുന്ന ഇന്ത്യയിലെ ആദ്യ സഹകരണ ബാങ്ക് എന്ന ചരിത്ര നേട്ടം കേരള ബാങ്ക് കൈവരിച്ചു കഴിഞ്ഞു. കേരള ബാങ്ക് രൂപീകരണ സമയത്ത് 40,156.81 കോടി രൂപയായിരുന്ന വായ്പാ ബാക്കി നിൽപ്പ് 31.03.2025-ൽ 50,343.18 കോടിയായി വർദ്ധിക്കുകയും 31.08.2025 ആയപ്പോഴേയ്ക്കും 51,931 കോടിയിലേയ്ക്ക് എത്തിക്കാനും സാധിച്ചിട്ടുണ്ട്. കൂടാതെ കേരളത്തിൽ 50,000 കോടിയ്ക്ക് മുകളിൽ വായ്പാ ബാക്കി നിൽപ്പുള്ള 5 ബാങ്കുകളിൽ ഒന്നായി തീരുവാനും കേരള ബാങ്കിന് കഴിഞ്ഞിട്ടുണ്ട്. |
| (സി) | കേരള ബാങ്കിന്റെ അറ്റാദായം വർദ്ധിച്ചിട്ടുണ്ടോ; റിസർച്ച് ബാങ്ക് നിഷ്കർഷിക്കുന്ന മൂലധന പര്യാപ്തത നിലനിർത്താൻ ബാങ്കിന് കഴിയുന്നുണ്ടോ; വ്യക്തമാക്കാമോ? | (സി) | കേരള ബാങ്കിന്റെ രൂപീകരണ സമയത്തുണ്ടായിരുന്ന സഞ്ചിത നഷ്ടമായ 1086 കോടി രൂപ 31-03-2025 ൽ 556 കോടി രൂപയായി കുറഞ്ഞിട്ടുണ്ട്. സഞ്ചിത നഷ്ടം പൂർണ്ണമായും ഒഴിവാക്കുന്നതിനുള്ള പ്രവർത്തനം തുടർന്നു വരുന്നു. റിസർവ്വ് ബാങ്ക് നിഷ്കർഷിക്കുന്ന മൂലധന പര്യാപ്തത ബാങ്ക് നിലനിർത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ